# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 153 | 03.02.2020-ൽ മറുപടിക്ക് |
|---|---|

**പോക്സോ കേസുകൾ**

| ചോദ്യം<br>ഡോ.എം. കെ. മുനീർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്ത് ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രഖ്യാപിക്കണമെന്ന് പോക്സോ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (എ) | പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരം കേസ്സുകളിൽ ശാസ്ത്രീയപരിശോധനയ്ക്ക് അയച്ച തെളിവുകളുടെ ഫലം ഫോറൻസിക് ലാബിൽ നിന്നും കെമിക്കൽ ലാബുകളിൽ നിന്നും ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | നിലവിൽ ലബോറട്ടറികളിലെ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി കാലതാമസം കൂടാതെ പൂർത്തീകരിച്ച് രാസപരിശോധനാറിപ്പോർട്ട് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നു. കെമിക്കൽ ലബോറട്ടറികളിൽ നിലവിലുള്ള പരിശോധകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി പോക്സോ കേസുകളിൽ കഴിയുന്നത്ര വേഗത്തിൽ പരിശോധനാഫലം നൽകി വരുന്നു. |
| (സി) | എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ